## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5194 — 30.06.2014 ൽ മറുപടിയ്ക്ക്

### പരിസ്ഥിതി വകുപ്പിന് പദ്ധതിയിനത്തിൽ അനുവദിച്ച തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | 2013-2014 സാമ്പത്തിക വർഷത്തിൽ പരിസ്ഥിതി വകുപ്പിന് പദ്ധതിയിനത്തിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്ന് അറിയിക്കുമോ; | (എ) | 2013-14 സാമ്പത്തിക വർഷത്തിൽ പരിസ്ഥിതി വകുപ്പിന് പദ്ധതിയിനത്തിൽ,<br>(i) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റ്-1400 ലക്ഷം<br>(ii) സംസ്ഥാന ജൈവവൈവിധ്യ ബോർഡ്-250 ലക്ഷം<br>(iii) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്-400 ലക്ഷം<br>(iv) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ്-30 ലക്ഷം<br>എന്നിങ്ങനെ ആകെ 2080 ലക്ഷം രൂപ വകയിരുത്തിയിരുന്നു. |
| (ബി) | ഇതിൽ എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പദ്ധതിയിനത്തിൽ അനുവദിച്ച തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.<br>**(i) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പു ഡയറക്ടറേറ്റ്**<br>പരിസ്ഥിതി അവബോധവും വിദ്യാഭ്യാസവും, തണ്ണീർത്തടങ്ങളുടെ പുനരുജ്ജീവനം, റിവർ ആക്ഷൻ പ്ലാൻ, പരിസ്ഥിതി ഗവേഷണവും വികസനവും, സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതി, പരിസ്ഥിതി ആഘാതം വിലയിരുത്തൽ, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ, നഗര പരിസ്ഥിതി മെച്ചപ്പെടുത്തൽ (ഒറ്റത്തവണ അധിക കേന്ദ്ര സഹായം) |

എന്നീ പദ്ധതികൾക്കും പ്രവർത്തന ങ്ങൾക്കുമായി ആകെ 1389.3 ലക്ഷം രൂപ ചെലവഴിച്ചു.

**(ii) സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

225 ലക്ഷം രൂപ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കും, 25 ലക്ഷം രൂപ സംസ്ഥാന ജൈവവൈവിധ്യ ഫണ്ടിലുമായി മുഴുവൻ തുകയും ചെലവഴിച്ചു.

**(iii) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**

അടിസ്ഥാന സൗകര്യം മെച്ചപ്പെടു ത്തൽ-40 ലക്ഷം, നിയന്ത്രണ സംവിധാനം-50 ലക്ഷം, പരിസ്ഥിതി നിരീക്ഷണവും നടത്തിപ്പും-300 ലക്ഷം രൂപ, കഴിവുകൾ വികസി പ്പിക്കൽ-10 ലക്ഷം രൂപ എന്നീ 4 പ്രധാന ഇനങ്ങളിലെ 19 ഉപ പദ്ധതികൾക്കായി മുഴുവൻ തുക യും ചെലവഴിച്ചു.

**(iv) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ്**

31 മാർച്ച് 2014 വരെ തുക ഒന്നും ചെലവഴിച്ചില്ല.

സെക്ഷൻ ഓഫീസർ